# AMRITA VIDYALAYAM
## HALF YEARLY EXAMINATION 2017 - '18

**Class : VI** | **Marks : 80**
**Time : 2½ hrs**

# മലയാളം
## പാരായണവിഭാഗം

**I.** മനുഷ്യനെ മൃഗങ്ങളിൽ നിന്നും വേർതിരിക്കുന്ന പ്രധാന ഘടകം സംസ്കാരമാണ്. വിദ്യാഭ്യാസത്തിലൂടെ നേടുന്ന വിജ്ഞാനവും പെരുമാറ്റരീതികളും ആദർശങ്ങളുമാണ് സംസ്കാരമായി രൂപം കൊള്ളുന്നത്. ഏതു സമൂഹവും അതിന്റെ സാംസ്കാരിക പൈതൃകത്തിൽ അഭിമാനം കൊള്ളാറുണ്ട്. ഈ സാംസ്കാരിക പൈതൃകം നിലനിർത്തുക എന്നത് വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യമാണ്. മനുഷ്യനന്മയ്ക്കു സഹായിക്കുന്ന ആദർശങ്ങളും പ്രവർത്തനരീതികളും ആവിഷ്ക്കരിക്കാൻ വേണ്ട തന്റേടം വിദ്യാർത്ഥികൾ വിദ്യാലയങ്ങളിൽ നിന്ന് കൈവരിക്കണം. ഏറ്റവും കൂടുതലാളുകൾക്ക് ഏറ്റവും കൂടുതൽ നന്മ എന്നതായിരിക്കണം വിദ്യാർത്ഥികളുടെ മുദ്രാവാക്യം.

ചോദ്യങ്ങൾ.

1. സംസ്ക്കാരം രൂപപ്പെടുന്നതെങ്ങനെ? **2½**
2. വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യമെന്ത്? **2½**
3. വിദ്യാർത്ഥികളുടെ മുദ്രാവാക്യം എന്തായിരിക്കണം? **2½**
4. മനുഷ്യനെ മൃഗങ്ങളിൽ നിന്നും വേർതിരിക്കുന്ന പ്രധാന ഘടകം എന്ത്? **2½**
5. സമൂഹം അഭിമാനം കൊള്ളുന്നത് ഏതിലാണ്? **2**
6. വിദ്യാർത്ഥികൾ വിദ്യാലയത്തിൽ നിന്ന് കൈവരിക്കേണ്ടത് എന്താണ്? **2**
7. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം തയ്യാറാക്കുക. **1**

## രചനാ വിഭാഗം

**II. ആശയവിപുലനം.** **7**

"നാട്യപ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം".

**III. ഒരു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **8**

പ്രകൃതിസംരക്ഷണത്തിന്റെ പ്രാധാന്യം.

## വ്യാകരണ വിഭാഗം

**IV. അംഗ - അംഗിവാക്യങ്ങൾ വേർതിരിച്ചെഴുതുക.** **1**

വേനൽ കഠിനമായപ്പോൾ കിണറുകൾ വറ്റിവരണ്ടു.

**V. പിതാവ് എന്ന പദത്തിന്റെ എതിർലിംഗ പദം എഴുതുക.** **½**

**VI. തെറ്റുതിരുത്തുക.** **1**

പ്രതിദിനം ചെയ്യുന്ന കാര്യങ്ങൾ എല്ലാദിവസവും ചെയ്യുക.

**VII. സമാനപദമല്ലാത്തത് ഏത്?** **1**

1. പ്രഭാതം – പുലരി, ഉഷസ്സ്, ചത്വരം
2. കരം – കൈ, ചരണം, പാണി

**VIII. അർത്ഥവ്യത്യാസം എഴുതുക.** **½**

ഭുജിക്കുക – ഭജിക്കുക

**IX. പ്രയോഗം മാറ്റുക.** **1**

വാല്മീകി രാമായണം രചിച്ചു.

**X. ശരിയായ പദം തെരഞ്ഞെടുത്തെഴുതുക.** **1**

മാമാങ്കം – മാമാംഗം

**XI. വാക്യത്തിൽ പ്രയോഗിക്കുക.** **1**

1. ലോകപ്രശസ്തം 2. പങ്കുവയ്ക്കുക.

**XII.** 1. അർണവം എന്ന വാക്കിന്റെ അർത്ഥം എഴുതുക. ½

(ഭൂമി, സമുദ്രം, ആകാശം)

2. മഹോന്നതസംസ്കാരം വിഗ്രഹിക്കുന്നതെങ്ങനെ? ½

(മഹോന്നതമായ സംസ്കാരം, മഹോന്നതത്തിന്റെ സംസ്കാരം, മഹോന്നതവും സംസ്കാരവും)

3. അക്കാലം എന്ന പദം പിരിച്ചെഴുതുക. ½

(ആ + കാലം, അ+കാലം, അ + ക്കാലം)

4. 'ഗംഗയുടെ തീരം' എന്നതിന്റെ ഒറ്റപ്പദം എഴുതുക. ½
(ഗംഗാനദി, ഗംഗയും തീരവും, ഗംഗാതീരം)

5. 'പൊറുക്കുക' എന്ന പദത്തിന്റെ നാനാർത്ഥം ഏതെല്ലാം? ½
(ദുഃഖിക്കുക, ക്ഷമിക്കുക, സന്തോഷിക്കുക)

6. പണ്ഡിതൻ എന്ന പദത്തിന്റെ വിപരീതാർത്ഥം എഴുതുക. ½
(ആചാര്യൻ, അപണ്ഡിതൻ, പാമരൻ)

## സാഹിത്യവിഭാഗം

**XIII. പാഠപുസ്തകത്തിലേതുപോലെ പൂരിപ്പിക്കുക. 5**

'എന്തെൻ മകനേ .............. പോകണം.' (ആദ്യത്തെ 8 വരി)

**XIV. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. 30**

1. വള്ളത്തോൾ ലോകപ്രശസ്തി നേടിയതെങ്ങനെ?
2. നിള പറയുന്ന നാടോടിക്കഥ ഏതാണ്? വിശദീകരിക്കുക.
3. ചെറുശ്ശേരി വർണ്ണിച്ചിരിക്കുന്ന ഉണ്ണിക്കണ്ണന്റെ കുസൃതികൾ എന്തെല്ലാം?
4. ലോകത്തിൽ സംസ്കാരങ്ങൾ വളർന്നത് എവിടെ? ഒരു ഉദാഹരണം എഴുതുക.
5. വള്ളത്തോളിന് 'ശബ്ദസുന്ദരൻ' എന്ന പേരു കിട്ടിയതെങ്ങനെ?
6. നിളയുടെ പേരിനെ ചൊല്ലിയുള്ള കഥകൾ വിവരിക്കുക.

**XV. ചേരുംപടി ചേർക്കുക. 2½**

| | |
|---|---|
| 1. ചെറുശ്ശേരി | ജ്ഞാനപീഠം |
| 2. കാളിദാസൻ | അദ്ധ്യാത്മരാമായണം |
| 3. വള്ളത്തോൾ | ബാലലീല |
| 4. എം.ടി.വാസുദേവൻ നായർ | ഋതുസംഹാരം |
| 5. എഴുത്തച്ഛൻ | ചിത്രയോഗം |

**XVI. ബ്രാക്കറ്റിൽനിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 2½**

1. "ഭാരതമെന്നപേർ കേട്ടാലഭിമാന–
പൂരിതമാകണമന്തരംഗം" – എന്നു പാടിയ കവിയാര്?
(ഉള്ളൂർ, വള്ളത്തോൾ, കുഞ്ചൻനമ്പ്യാർ)

2. ചെറുശ്ശേരിയുടെ കൃതിയേത്?
   (കൃഷ്ണഗാഥ, വഞ്ചിപ്പാട്ട്, ജ്ഞാനപ്പാന)
3. 'ഇപ്പോൾ ഭുജിപ്പാനവസരമില്ലമ്മേ' എന്നു പറഞ്ഞതാര്?
   (ലക്ഷ്മണൻ, ഭരതൻ, ശ്രീരാമൻ)
4. 'ഭീഷ്മപർവ'ത്തിൽ നിള അറിയപ്പെടുന്നത് ഏതു പേരിലാണ്?
   (പൊന്നാനിപ്പുഴ, നിലാഘ്യൃതവതി, പ്രദീപ)
5. ഭക്തിപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്?
   (വള്ളത്തോൾ, എം.ടി. വാസുദേവൻ നായർ, എഴുത്തച്ഛൻ)